LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) സഹകരണ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത ഉക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന 1-4-2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധിവരെയുള്ള (ഇപ്പോൾ ഒന്നര ലക്ഷം രൂപ മുതലും അതിന്റെ പലിശയും) വായ്പ ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുന്നതാണ്. അതോടൊപ്പം മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ മുതൽ ഇനത്തിൽ പരമാവധി 75,000 രൂപ എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് സഹകരണ വകുപ്പുമന്ത്രി അധ്യക്ഷനായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ്.

(സി) മരണപ്പെട്ട വായ്പക്കാരുടെ വായ്പ ഉക എഴുതിത്തള്ളിയ ഇനത്തിലും മാരകരോഗം ബാധിച്ച വായ്പക്കാർക്ക് ആനുകൂല്യം നൽകിയ ഇനത്തിലുമായി 30-11-2014 വരെ 13,734 വായ്പക്കാർക്കായി 88.12 കോടി രൂപ റിസ്ക് ഫണ്ട് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൺസ്യൂമർഫെഡ്, നീതി, നന്മ, തിരവേണി സ്റ്റോറുകൾ

12 (*192) ശ്രീ. ബി. സത്യൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡ്, നീതി, നന്മ, തിരവേണി സ്റ്റോറുകളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ ഏറിയ പങ്കും അടച്ചുപൂട്ടലിന്റെ വക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും അത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം സ്വകാര്യ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കച്ചവടക്കാർ അധികലാഭം കൊയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നീക്കമാണ് ഇതിന്റെ പിന്നിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ഗവൺമെന്റും മാനേജ്മെന്റ് ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാനേജ്മെന്റ് വൈദഗ്ധ്യം വ്യാപാര മേഖലയിൽ നടപ്പിലാക്കിയതിലുണ്ടായ അപാകതകൾ പരിഹൃതമാക്കുന്നതിലുണ്ടായ കാലവിളംബം, ദൂരവ്യാപക ലക്ഷ്യത്തോടെ വ്യാപാര വിപുലീകരണ ശൃംഖലകൾ സൃഷ്ടിച്ചതിലുണ്ടായ നയനൈപുണ്യമില്ലായ്മ, ഫെഡറേഷന് എതിരായി വന്ന ചില മാദ്ധ്യമ വാർത്തകൾ, ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പോലീസ്, വിജിലൻസ് പരിശോധനകളിന്മേലുള്ള പ്രചരണങ്ങൾ എന്നിവ കൺസ്യൂമർഫെഡ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും, പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) കൺസ്യൂമർഫെഡ് നടത്തിയിരുന്ന വിവിധ ഉപഭോക്തൃ വിതരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ തൃപ്തിക്കനുസൃതമായി പ്രവർത്തിക്കാതിരിക്കുന്നത് സ്വകാര്യ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യാനുള്ള സാദ്ധ്യതയുണ്ടെന്നു വിലയിരുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് അധികലാഭം കൊയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നീക്കമാണ് ഇതിനു പിന്നിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly